"ഭരണഭാഷ മാതൃഭാഷ"
"കസ്റ്റഡി
തിരുത്തൽ
നവീകരണം
പുനരധിവാസം"
www.keralaprisons.gov.in

കേരള പ്രിസൺസ് &കറക്ഷണൽ സർവ്വീസസ്

ആസ്ഥാനകാര്യാലയം,
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം

0471-2342532

keralaprisons@gov.in

**<u>നടപടികൾ</u>**

വിഷയം : ജയിലുകൾ - ജയിലാസ്ഥാന കാര്യാലയം - ജീവനക്കാര്യം - ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് ജീവനക്കാർക്ക് പ്രമോഷൻ നൽകിയും, സ്ഥലംമാറ്റം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന : 1) KPCS/53/2026-E1 എന്ന നമ്പരിലെ 01.07.2026 തീയതിയിലെ ഈ ഓഫീസിലെ ഉത്തരവ്

2) ഹെഡ് ക്ലാർക്ക് തസ്തികയുടെ 01.01.2025 അടിസ്ഥാനമാക്കിയുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റ്

3) മദ്ധ്യമേഖല ഡി.ഐ.ജി. ഓഫീസിലെ ഹെഡ് ക്ലാർക്ക്, ശ്രീ. പ്രകാശൻ.കെ സമർപ്പിച്ച 21.05.2026 ലെ അപേക്ഷ

**ഉത്തരവ് നമ്പർ: KPCS/2410/2026-E1; തീയതി: 08-07-2026**

കോഴിക്കോട് ഡി.ഐ.ജി. ഓഫീസിലെ ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീമതി ഷീനാമോൾ എസ്-ന് സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് പ്രമോഷൻ നൽകി തവനൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിൽ നിയമിച്ച് പരാമർശം (1) പ്രകാരം ഉത്തരവായതിനെ തുടർന്ന് **കോഴിക്കോട് ഡി.ഐ.ജി. ഓഫീസിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിലവിൽ വന്ന ഒഴിവിലേക്ക് ചീമേനി തുറന്ന ജയിലിൽ ജോലി ചെയ്തു വരുന്ന ജൂനിയർ സൂപ്രണ്ട് ശ്രീ. ഐ. സത്യനാഥനെ സ്ഥലംമാറ്റി നിയമിച്ച് ഉത്തരവാകുന്നു.**

2. ശ്രീമതി. ഷീനാമോൾ എസ്-ന്റെ പ്രൊമോഷനെ തുടർന്ന് ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുള്ളതാണ്. പരാമർശം (2) പ്രകാരം ഹെഡ് ക്ലാർക്ക് തസ്തികയുടെ 01.01.2025 അടിസ്ഥാനമാക്കിയുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം, ക്രമ നമ്പർ 1-ൽ ഉൾപ്പെട്ടിരിക്കുന്ന ശ്രീ. പ്രകാശൻ കെ. (ഡി.ഐ.ജി. ഓഫീസ്, തൃശ്ശൂർ) ഹെഡ് ക്ലാർക്ക് വിഭാഗത്തിലെ ഏറ്റവും സീനിയറായ ഉദ്യോഗസ്ഥനാണ്. ടിയാനെതിരെ അച്ചടക്ക/വിജിലൻസ് നടപടികളോ കഴിഞ്ഞ മൂന്ന് വർഷത്തിനിടെ പ്രമോഷന് തടസ്സമാകുന്ന ശിക്ഷാ നടപടികളോ നിലവിലില്ല. ആയതിനാൽ നിലവിൽ **തൃശ്ശൂർ, ഡി.ഐ.ജി ഓഫീസിൽ ജോലി ചെയ്ത് വരുന്ന ഹെഡ് ക്ലാർക്ക് ശ്രീ. പ്രകാശൻ കെ.-യ്ക്ക് ₹43,400- 91,200/- ശമ്പള സ്കെയിലിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് പ്രമോഷൻ നൽകി, ചീമേനി തുറന്ന ജയിലിൽ ശ്രീ. ഐ. സത്യനാഥനെ സ്ഥലംമാറ്റിയ ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.**

S Sreejith IPS
DIRECTOR GENERAL

| | |
|---|---|
| സ്വീകർത്താവ്: | 1) ശ്രീ. ഐ. സത്യനാഥൻ, ജൂനിയർ സൂപ്രണ്ട് ചീമേനി തുറന്ന ജയിൽ<br>2) ശ്രീ. പ്രകാശൻ കെ. ഹെഡ് ക്ലാർക്ക് ,ഡി.ഐ.ജി. ഓഫീസ്, വിയ്യൂർ |
| പകർപ്പ്: | 1) ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തുന്നതിനായി<br>2) ഡി.ഐ.ജി ഓഫ് പ്രിസൺസ്, ഉത്തരമേഖല / മദ്ധ്യമേഖല<br>3) സൂപ്രണ്ട്, ചീമേനി തുറന്ന ജയിൽ<br>4) ജയിലാസ്ഥാന കാര്യാലയത്തിലെ എല്ലാ ഉദ്യോഗസ്ഥർക്കും<br>5) ടെക്നിക്കൽ സെൽ (വെബ് സൈറ്റിൽ പ്രസദ്ധീകരിക്കുന്നതിന്) |

Digitally signed by
Dinesh Bhagavathi Pillai
Date: 08-07-2026
16:19:03